"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ് ൽ നിന്നും ഹെഡ്മിസ്ട്രസ്സ് ആയി വിരമിച്ച ശ്രീമതി. സതീദേവി.എസ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.6517/2024 മ്മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.7710/2025/GEDN തീയതി,തിരുവനന്തപുരം, 30-09-2025

---

പരാമർശം:-
1) WP(C) 6517/2024 നമ്പർ കേസിലെ 04.02.2025-ലെ വിധിന്യായം.
2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.04.2025 ലെ പിഎ2/4912/2025/ഡിജിഇ നമ്പർ കത്ത്.
3) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16.04.2025 ലെ ഡി.ഡി.ഇ.എ.എൽ.പി/3097/2024-ജി1 നമ്പർ കത്ത്.
4) ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.04.2025 ലെ ബി6/4194/2018 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ് ൽ നിന്നും ഹെഡ്മിസ്ട്രസ്സ് ആയി വിരമിച്ച ശ്രീമതി. സതീദേവി.എസ് തന്റെ DCRG തുക ലഭിക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ WP(C)No.6517/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17.12.2019 ലെ ബാധ്യതാ റിപ്പോർട്ട് (എക്സിബിറ്റ് പി3) റദ്ദാക്കുകയും പരാതിക്കാരിയ്ക്കും മാനേജർക്കും ഹിയറിംഗിനും ആവശ്യമായ രേഖകൾ ഹാജരാക്കുവാനും അവസരം നൽകണമെന്നും പരാതിക്കാരിയുടെ ബാധ്യതാ വിഷയത്തിന്മേൽ രണ്ടു മാസത്തിനകം തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയ്ക്കും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. പരാതിക്കാരിയുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

(i) കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ ഹൈസ്കൂളിൽ 15.06.1983 മുതൽ അധ്യാപികയായി സർവീസിൽ പ്രവേശിച്ച ശ്രീമതി.സതീദേവി.എസ് 31.03.2018 ൽ സർവ്വീസിൽ നിന്നും ഹെഡ്മിസ്ട്രസ്സ് ആയി വിരമിച്ചെങ്കിലും മരണാനന്തര ഗ്രാറ്റുവിറ്റി തുക 5 വർഷം കഴിഞ്ഞിട്ടും ലഭ്യമായില്ല. വിരമിക്കുന്ന തീയതി വരെ ടിയാൾക്കെതിരെ ഒരു അച്ചടക്ക നടപടിയോ ക്രിമിനൽ കേസോ നിലവിലില്ല. അക്കൗണ്ടന്റ് ജനറൽ [എ&ഇ] ടിയാൾക്ക് DCRG ആയി 12,12,503/- രൂപ അനുവദിച്ചെങ്കിലും LPC/NLC ഹാജരാക്കാത്തതിനാൽ ടി തുക വിതരണം ചെയ്തിട്ടില്ല. ടി തുക വിതരണം ചെയ്യാത്തതിനാൽ ഹർജിക്കാരി നിയമാനുസൃത അധികാരികളെ സമീപിക്കുകയും 21.07.2023 ലെ ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് പ്രകാരം ടിയാളുടെ ബാധ്യത

8,07,669/- രൂപയായി നിശ്ചയിക്കുകയും ടി തുക കുറച്ചുകൊണ്ട് വിട്ടുകൊടുക്കാനും ഉത്തരവായിട്ടുണ്ട്. ടി കത്തിനൊപ്പം ലഭ്യമായ 17.12.2019 ലെ ഡി.ഡി.ഇ യുടെ ബാധ്യതാ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന തുകകൾ ടിയാൾക്ക് മുൻകൂർ അറിയിപ്പോ ഹിയറിങ്ങോ കൂടാതെ നിശ്ചയിച്ചിരുന്നതിനാൽ ആയത് അന്യായവും നിയമവിരുദ്ധവുമാണ്.

(ii) കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ ഹൈസ്കൂൾ ഒരു ട്രസ്റ്റാണ് കൈകാര്യം ചെയ്യുന്നത്. ടി സ്കൂളിന്റെ മാനേജ്മെന്റിനെക്കുറിച്ച് പലപ്പോഴും തർക്കങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ടി സ്കൂളിന് മാനേജർ ഇല്ലാത്തതിനാൽ ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് കൈകാര്യം ചെയ്യുന്നത്. ഹർജിക്കാരി ഹെഡ്മിസ്ട്രസ്സായി ജോലി ചെയ്തിരുന്നപ്പോൾ മാനേജർ ഇല്ലാത്തതിനാൽ സ്കൂളിന്റെ ശരിയായ അറ്റകുറ്റപ്പണികൾ, സ്കൂളിന്റെ ദൈനംദിന ചെലവുകൾ, വൈദ്യുതി, വെള്ളം തുടങ്ങിയവയ്ക്കുള്ള തുകകൾ ടിയാൾ അടച്ചിരുന്നു. വ്യവഹാരത്തിന് ശേഷം 2017 നവംബറിൽ മാത്രമാണ് മാനേജരെ നിയമിച്ചത്. ബാധ്യതയായി കാണിച്ചിട്ടുള്ള തുകകൾ സ്കൂളിന്റെ ശരിയായ അറ്റകുറ്റപ്പണികൾക്കും പ്രവർത്തനത്തിനുമായി ഹർജിക്കാരി ചെലവഴിച്ചതാണ്. അതിനായി യഥാസമയം അധികാരികൾക്ക് ബില്ലുകൾ സമർപ്പിക്കുകയുണ്ടായെങ്കിലും ബില്ലുകളൊന്നും ലഭിച്ചിട്ടില്ലെന്ന് അധികാരികൾ പറഞ്ഞു, വീണ്ടും അതിന്റെ തനിപ്പകർപ്പുകൾ സമർപ്പിച്ചു. ശ്രീമതി. സതീദേവി.എസ് സർവീസിൽ നിന്ന് വിരമിച്ചപ്പോൾ ബില്ലുകൾ ആവശ്യപ്പെട്ടതനുസരിച്ച് ഹാജരാക്കാൻ ടിയാൾക്ക് കഴിഞ്ഞില്ല. വിരമിച്ചതിനു ശേഷം അത് സമർപ്പിക്കേണ്ടത് സ്കൂൾ അധികാരികളാണ്. എന്നാൽ സ്കൂൾ അധികാരികളും ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

(iii) KSR Part III Rule 3 യും, KSR Part III Ruling 5 to Rule 116 അനുസരിച്ച് ടിയാൾക്ക് DCRG വിതരണം ചെയ്യാൻ അർഹതയുണ്ട്. KSR Part III Ruling 5 to Rule 116 പ്രകാരം, ഒരു ജീവനക്കാരിയുടെ ബാധ്യത കണക്കാക്കേണ്ടത് ജീവനക്കാരന്റെ സർവീസിലാണെന്നും ഇല്ലെങ്കിൽ വിരമിക്കൽ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കണക്കാക്കണമെന്നും, ആ കാലയളവിനുള്ളിൽ ബാധ്യത കണക്കാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഡിസിആർജിയിൽ നിന്ന് തടഞ്ഞുവച്ച തുക ഒരു ജാമ്യ ബോണ്ടിൽ നിന്നോ ക്യാഷ് ഡെപ്പോസിറ്റിലോ വിട്ടുകൊടുക്കണമെന്നും വ്യവസ്ഥയുണ്ട്. സമാന സാഹചര്യത്തിൽ, ബഹു കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 6373/2001 മേലുള്ള 26.06.2014 ലെ വിധിന്യായം ഹർജിക്കാരിക്കും ബാധകമാണ്. മേൽ സാഹചര്യത്തിൽ, കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ ഹൈസ്കൂളിൽ നിന്നും വിരമിച്ച ശ്രീമതി. സതീദേവി.എസ് ന് വിരമിക്കൽ തീയതി മുതൽ 6% പലിശയോടെ മുഴുവൻ DCRG തുകയും കാലതാമസമില്ലാതെ വിതരണം ചെയ്യാൻ അനുമതി നൽകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം, ആലപ്പുഴ ചേർത്തല കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ്.എസ് ൽ ശ്രീമതി. സതീദേവി. എസ് 01.06.2015 മുതൽ 31.03.2018 വരെ പ്രഥമാധ്യാപികയായി സേവനമനുഷ്ഠിക്കുകയും 31.03.2018 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. എന്നാൽ ടിയാളുടെ പെൻഷൻ അപേക്ഷ, ടിയാൽ വിരമിച്ച ശേഷം 2019 ലാണ് ലഭ്യമാക്കിയത്. അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം, ടിയാൾക്ക് ഡി.സി.ആർ.ജി യായി 12,12,503/- രൂപ അനുവദിക്കുകയും പെൻഷൻ അപേക്ഷ വിരമിച്ച് ഒരു വർഷത്തിനു ശേഷം സമർപ്പിച്ചതിനാൽ കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതിനായി എബിസി ഫോം സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും

ചെയ്തു. കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ് ലെ 01.06.2015 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പ്രഥമാധ്യാപികയായ ശ്രീമതി. സതീദേവി.എസ് മറുപടി ഒന്നും ഹാജരാക്കാത്തതിനെ തുടർന്ന് 24.10.2019 ൽ അദാലത്ത് സംഘടിപ്പിച്ചു. എന്നാൽ പ്രസ്തുത അദാലത്തിൽ പ്രഥമാധ്യാപിക ഹാജരായില്ല. ടി സാഹചര്യത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സാമ്പത്തിക തടസ്സവാദങ്ങളിൽ ഉന്നയിക്കുന്ന തുകയായ 8,45,814/- രൂപ ശ്രീമതി സതീദേവിയുടെ താൽക്കാലിക ബാധ്യതയായി നിജപ്പെടുത്തി 16.12.2019 ൽ ഉത്തരവ് നൽകി. ടി ബാധ്യത നിശ്ചയിച്ചതിനു ശേഷം 09.01.2020 ൽ ശ്രീമതി സതീദേവി മറുപടി സമർപ്പിക്കുവാൻ സമയം അനുവദിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. ലഭിച്ച മറുപടിയോടൊപ്പം സമർപ്പിച്ച രേഖകൾ, ടിയാളുടെ മുഴുവൻ ബാധ്യതയും തീർക്കാൻ പര്യാപ്തമല്ലായിരുന്നതിനാൽ 30.05.2020 ൽ 6,86,064/- രൂപ അന്തിമ ബാധ്യത നിശ്ചയിച്ചു നൽകി. അതോടൊപ്പം എസ്.എസ്.കെ ആലപ്പുഴയിൽ നിന്നും ലഭ്യമായ ബാധ്യതാ തുകയായ 36,500/- രൂപ ആർ.എം.എസ്.എ യിൽ നിന്നും ലഭ്യമായ ബാധ്യതാ തുകയായ 7,400/- രൂപ എന്നിവ ചേർത്ത് ആകെ ബാധ്യത 7,29,964/- രൂപ ശ്രീമതി. സതീദേവി.എസ് ന്റെ ബാധ്യതാ തുകയായി നിലനിന്നിരുന്നു. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.09.2020 ലെ കത്ത് പ്രകാരം പ്രീമെട്രിക് സ്കോളർഷിപ്പ് 27,000/- രൂപ, ടോക്കൺ ഫ്ലാഗ് 19,654/- രൂപ, എസ്.എസ്.എൽ.സി അഡ്വാൻസ് (03/2016) 8,650/- രൂപ, എസ്.എസ്.എൽ.സി അഡ്വാൻസ് (03/2017) ലെ 10,045/- രൂപ, എസ്.എസ്.എൽ.സി അഡ്വാൻസ് (03/2018) ലെ 7,420/- രൂപ എന്നിവ ഒഴിവാക്കിയതായി അറിയിച്ചിരുന്നു. ശേഷിക്കുന്ന ബാധ്യത 6,57,195/- രൂപ നിലനിന്നെങ്കിലും ടി ബാധ്യത തീർപ്പാക്കാനുള്ള ബില്ലുകളും വൗച്ചറുകളും ടിയാൾ സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. തന്റെ ബാധ്യതാ തുകയായ 6,57,195/- രൂപ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ സമ്മതമാണെന്നുള്ള സമ്മതപത്രവും ടിയാൾ സമർപ്പിച്ചിട്ടുള്ളതാകുന്നു. 02/02/2021 തീയതിയിൽ ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് മുഖേന ലഭ്യമായ ബാധ്യതാ പത്രത്തിൽ 2015-2018 കാലയളവിലെ പാഠപുസ്തക സംബന്ധമായ ബാധ്യത ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ, ലഭ്യമായ ബാധ്യതാ പത്രത്തിൽ ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടുത്തി പുതുക്കിയ ബാധ്യതാപത്രം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 21-07-2023 ലെ ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് മുഖേന റ്റി.എസ്.ബി അക്കൗണ്ട് ചേർത്ത് ലഭ്യമായ ബാധ്യതാ പത്രത്തിൽ ടിയാളുടെ പാഠപുസ്തക സംബന്ധമായ ബാധ്യത 1,50,474/- രൂപ കൂടി ഉൾപ്പെടുത്തി ആകെ ബാധ്യത 8,07,669/- രൂപയായി നിശ്ചയിച്ചിരുന്നു. ടി ബാധ്യതാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25-07-2023 ലെ കത്ത് മുഖേന ശ്രീമതി സതീദേവിയുടെ ബാധ്യതാപത്രം കുത്തിയതോട് സബ് ട്രഷറിക്ക് നൽകുകയും ബാധ്യതാപത്രം ട്രഷറിക്ക് കൈമാറിയ വിവരം ശ്രീമതി. സതീദേവിയെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ട്രഷറിയെ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ ബാധ്യതാതുക കുറച്ചുള്ള ഡി.സി.ആർ.ജി തുക വാങ്ങുന്നതിനായി ടിയാൾ ട്രഷറിയെ സമീപിച്ചിട്ടില്ലായെന്ന് അറിയാൻ കഴിഞ്ഞു. ടിയാൾക്കെതിരെ നിലനിന്നിരുന്ന തടസ്സവാദങ്ങൾ ഒഴിവാക്കാൻ തക്കതായ ബില്ലുകളോ വൗച്ചറുകളോ ടിയാൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയായ ശ്രീമതി. സതീദേവി.എസ് ആലപ്പുഴ ചേർത്തല

കുത്തിയതോട് ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ്.എസ് ൽ 01.06.2015 മുതൽ 31.03.2018 വരെ പ്രഥമാധ്യാപികയായി സേവനമനുഷ്ഠിക്കുകയും 31.03.2018 ന് സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം, ടിയാളുടെ ഡി.സി.ആർ.ജി തുക 12,12,503/- രൂപയാണ്. ബാധ്യതാ തുകയായ 6,57,195/- രൂപ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കുന്നതിനുള്ള സമ്മതപത്രവും ഹർജിക്കാരിയായ ശ്രീമതി സതീദേവി.എസ് സമർപ്പിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ അധികാരികൾ അറിയിച്ചിട്ടുണ്ട്. നേരത്തേ നൽകിയ ബാധ്യതാ പത്രത്തിൽ 2015-2018 കാലയളവിലെ പാഠപുസ്തക സംബന്ധമായ ബാധ്യത ഉൾപ്പെടുത്താതിരുന്നതിനാൽ ടിയാളുടെ പാഠപുസ്തക സംബന്ധമായ ബാധ്യതയായ 1,50,474/- രൂപ കൂടി ഉൾപ്പെടുത്തി ആകെ ബാധ്യത 8,07,669/- രൂപയായി നിശ്ചയിക്കുകയുണ്ടായി. ടി ബാധ്യത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഹർജിക്കാരിക്കെതിരെ നിലനിൽക്കുന്ന തടസ്സവാദങ്ങൾ ഒഴിവാക്കാൻ തക്കതായ ബില്ലുകളോ വൗച്ചറുകളോ നാളിതുവരെ ഹാജരാക്കിയിട്ടില്ല.

5. മേൽ സാഹചര്യത്തിൽ, തടസ്സവാദങ്ങൾ ഒഴിവാക്കാൻ തക്കതായ ബില്ലുകളോ വൗച്ചറുകളോ ഹാജരാക്കുന്നതിന് ശ്രീമതി. സതീദേവി എസ് ന് രണ്ടാഴ്ച സമയപരിധി നിശ്ചയിച്ച് ഒരു അവസരം കൂടി നൽകുന്നതിനും പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ ടിയാൾ രേഖകൾ ഹാജരാക്കാൻ പരാജയപ്പെടുന്ന പക്ഷം, 8,07,669/- രൂപ ടിയാളുടെ ബാധ്യതയായി നിശ്ചയിച്ച് ബാധ്യതാ പത്രം നൽകുന്നതിനും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം (1) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല
മാനേജർ, ഇ.സി.ഇ.കെ യൂണിയൻ എച്ച്.എസ്, കുത്തിയതോട്, ആലപ്പുഴ
ശ്രീമതി. സതീദേവി എസ്., 'കൃഷ്ണ', എരമല്ലൂർ, ആലപ്പുഴ.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ് (12.09.2025 ലെ EDN-A3/226/2025-FIN പ്രകാരം)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 03-10-2025 14:04:00
സെക്ഷൻ ഓഫീസർ